പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 826 — 05/06/2018 ൽ മറുപടിക്ക്

## പത്മതീർത്ഥക്കുളത്തിന്റെ നവീകരണം

ചോദ്യം — മറുപടി

ശ്രീ.ഒ. രാജഗോപാൽ — ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ പത്മ തീർത്ഥക്കുളത്തിന്റെ നവീകരണത്തിനായി നാളിതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | പത്മതീർത്ഥക്കുളത്തിന്റെ നവീകരണവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ നിർദ്ദേശ പ്രകാരം 2014 ൽ സംസ്ഥാന സർക്കാർ അനുവദിച്ച 1 കോടി രൂപയിൽ 88,80,032 രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് സംസ്ഥാന സർക്കാർ മുഖേന നടപ്പിലാക്കി വരുന്ന സ്വദേശ് ദർശൻ പദ്ധതി പ്രകാരം 2017-18 കാലയളവിൽ 16,53,560/- രൂപയും ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | പത്മതീർത്ഥക്കുള നവീകരണം നാളിതു വരെ ഏതൊക്കെ ഏജൻസികളെയാണ് ഏൽപ്പിച്ചിരുന്നത് എന്നും ഓരോ ഏജൻസിക്കും അനുവദിച്ച് നൽകിയ തുകയും വ്യക്തമാക്കാമോ; | (ബി) | പത്മതീർത്ഥക്കുള നവീകരണത്തിന് സംസ്ഥാന സർക്കാർ ഏജൻസിയായ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം എന്ന സ്ഥാപനത്തെ മാത്രമാണ് ഇതുവരെ ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇതുവരെ 1,05,33,592/- രൂപ അനുവദിച്ച നൽകിയിട്ടുണ്ട്. |
| (സി) | നവീകരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ അനുവദിച്ച ഫണ്ട് സംബന്ധിച്ച് ഓഡിറ്റ് നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ? | (സി) | പദ്ധതി പ്രവൃത്തികൾ ഇപ്പോഴും നടന്നു വരുന്നതിനാൽ ഫണ്ട് ഓഡിറ്റിംഗ് നടന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ